(എഫ്) കോർപ്പറേഷനുമായി ഇതുവരെ പൊതുമേഖലാ സ്ഥാപനങ്ങളോ അർദ്ധസർക്കാർ സ്ഥാപനങ്ങളോ കരാർ വെക്കുകയോ അതിൻപ്രകാരം നിയമനം നടത്തുകയോ ചെയ്തിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളും അർദ്ധ സർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരികയാണ്.

(ജി) ചില സ്ഥാപനങ്ങൾ സ്വകാര്യ ഏജൻസികളുമായി കരാർവച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എച്ച്) നടപടി സ്വീകരിച്ച് വരുന്നു.

കുമരകം ബോട്ടപകടത്തിൽ മരിച്ചവരുടെ അനന്തരാവകാശികൾക്ക് നഷ്ടപരിഹാരം

86 (3040) ശ്രീമതി രാധാ രാഘവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമരകം ബോട്ടപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് നഷ്ട പരിഹാരമായി നൽകേണ്ട തുക ബന്ധപ്പെട്ടവർക്ക് നൽകിയോ ;

(ബി) ജസ്റ്റിസ് നാരായണക്കുറുപ്പിനെ കുമരകം ബോട്ടപകടത്തെപ്പറ്റി അന്വേഷിക്കുവാനുള്ള കമ്മീഷനായി നിയമിച്ചതിനെ ചോദ്യം ചെയ്തുകൊണ്ട് സമർപ്പിച്ച പൊതുതാൽപ്പര്യ ഹർജി വാദം കേൾക്കുമ്പോൾ ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുമെന്ന് ഗവൺമെന്റിന് വേണ്ടി ഉറപ്പു നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മരണപ്പെട്ട മുതിർന്നവരുടെ അനന്തരവകാശികൾക്ക് 50,000 രൂപ വീതവും കുട്ടിയുടെ അനന്തരാവകാശികൾക്ക് 25,000 രൂപയും ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഉറപ്പു നൽകിയിട്ടില്ല.

തിരുവനന്തപുരം അന്തർദേശീയ വിമാനത്താവള വികസനം

87 (3041) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അന്തർദേശീയ വിമാനത്താവള വികസനത്തിന് അടിയന്തിരമായി വേണ്ട 27 ഏക്കർ ഭൂമിയിൽ കോടതിയിൽ കേസുള്ള രണ്ടര ഏക്കർ ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) പുതിയ ടെർമിനലിന്റെ പണി ഉടൻ ആരംഭിക്കുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എമിറേറ്റ്സ് ഉൾപ്പെടെയുള്ള പല വിദേശ എയർവെയ്സുകൾക്കും അവരുടെ സർവ്വീസുകൾ തിരുവനന്തപുരത്ത് നിന്ന് ആരംഭിക്കാൻ അനുവാദം നല്കിയിട്ടില്ല എന്ന പ്രസ്തുത എയർവെയ്സുകളുടെ പ്രസ്താവനകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കൂടുതൽ അന്തർദേശീയ സർവ്വീസുകൾ തിരുവനന്തപുരത്ത് നിന്ന് ആരംഭിക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ ;

(ഇ) അന്തർദേശീയ വിമാന ചാനലിന് സമീപമുള്ള സംസ്ഥാനത്തെ ഏക വിമാനത്താവളമായ തിരുവനന്തപുരം വിമാനത്താവളത്തിൽ റീ ഫ്യൂവലിംഗ് സൗകര്യം ഒരുക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ ;

(എഫ്) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആദ്യഘട്ടത്തിൽ വേണ്ടിയിരുന്ന 27 ഏക്കർ ഭൂമിയിൽ 3.275 ഏക്കർ ഭൂമിയിൻമേലാണ് ഹൈക്കോടതിയിൽ കേസുകൾ ഉണ്ടായിരുന്നത്. പ്രസ്തുത കേസുകൾ തള്ളിക്കൊണ്ട് കോടതി വിധിയായിട്ടുണ്ട്.

(ബി) സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

(സി) പ്രസ്താവനകൾ ഗവൺമെന്റിന് ലഭിച്ചിട്ടില്ല.

(ഡി-എഫ്) ഇക്കാര്യം കേന്ദ്രവ്യോമയാന മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

നെടുമ്പാശ്ശേരി വിമാനത്താവളം റോഡിനുവേണ്ടി ഏറ്റെടുത്ത അധിക ഭൂമി തിരികെ നൽകാൻ നടപടി

88 (3042) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്ക് അത്താണിയിൽ നിന്നുള്ള റോഡിനുവേണ്ടി ഏറ്റെടുത്ത ഭൂമിയിൽ അധികമുള്ള വസ്തു കർഷകർക്ക് തിരികെ നൽകാനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഭൂമി വിട്ടുകിട്ടാനായി കൃഷിക്കാർ നടത്തിവരുന്ന പ്രക്ഷോഭങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സമരസമിതി ഭാരവാഹികളുമായി സർക്കാർ ഏതെങ്കിലും വിധത്തിലുള്ള അനുരഞ്ജനചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ ;

(ഇ) ഇല്ലെങ്കിൽ ബന്ധപ്പെട്ടവരെയെല്ലാം പങ്കെടുപ്പിച്ച് യോഗം വിളിച്ച് സമരത്തിന് ആധാരമായ പ്രശ്നങ്ങൾ പരിഹരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly